സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്- ഗ്രാമവികസനം - ജീവനക്കാര്യം - എറണാകുളം ജില്ലയിലെ വൈപ്പിൻ ബ്ലോക്ക് പഞ്ചായത്തിന്റെ സംയോജിത നീർത്തട പരിപാലന പദ്ധതിയുടെ ഭാഗമായി നായരമ്പലം പഞ്ചായത്തിലെ പുഞ്ചയിൽതോട് ആഴം വർദ്ധിപ്പിക്കലും പാർശ്വഭിത്തി നിർമ്മാണവും (2013-2014) എന്ന പ്രവൃത്തിയിലെ ക്രമക്കേട്- നായരമ്പലം പഞ്ചായത്തിലെ മുൻ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ശ്രീമതി.സ്മിത.പി.ജി-.യെ അച്ചടക്ക നടപടികളിൽ നിന്ന് ഒഴിവാക്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഇ.ആർ.ബി) വകുപ്പ്

സ.ഉ.(ആർ.റ്റി) നം. 1202/2018/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, **04/05/2018**

---

പരാമർശം:

1. വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 13.01.2016 ലെ നം.E7(QV3/15/CRE) 7055/15 നമ്പർ കത്ത്.
2. ശ്രീമതി.സ്മിത.പി.ജി -ക്ക് നല്കിയ 02.07.2016 ലെ കുറ്റപത്രവും കുറ്റാരോപണ പത്രികയും
3. ഗ്രാമവികസന കമ്മീഷണറുടെ 28/08/2017 ലെ നം.13511/എസ്റ്റാ എ 3/2016/ സി.ആർ.ഡി നമ്പർ കത്ത്.
4. ശ്രീമതി.സ്മിത.പി.ജി, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, നായരമ്പലം സമർപ്പിച്ച 17.09.2016 ലെ പ്രതിവാദ പത്രിക.

**ഉത്തരവ്**

എറണാകുളം ജില്ലയിലെ വൈപ്പിൻ ബ്ലോക്ക് പഞ്ചായത്തിന്റെ സംയോജിത നീർത്തട പരിപാലന പദ്ധതിയുടെ (IWMP 2013-2014) ഭാഗമായി നായരമ്പലം പഞ്ചായത്തിലെ പുഞ്ചയിൽതോട് ആഴം വർദ്ധിപ്പിക്കലും പാർശ്വഭിത്തി നിർമ്മാണവും എന്ന പ്രവർത്തിയിലും പാർട്ട് ബിൽ തയ്യാറാക്കി നല്കിയതിലും അഴിമതി നടത്തിയിട്ടുണ്ടെന്ന ആരോപണത്തിന്മേൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ത്വരിത പരിശോധന നടത്തി പരാമർശം (1) പ്രകാരം സമർപ്പിച്ച റിപ്പോർട്ടിൽ നായരമ്പലം പഞ്ചായത്തിലെ മുൻ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ശ്രീമതി.സ്മിത.പി.ജി -ക്കെതിരെ വകുപ്പുതല നടപടി സ്വീകരിക്കുവാൻ ശിപാർശ ചെയ്തു. 1960-ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) റൂൾസ് 16 പ്രകാരം ടിയാരിക്കെതിരെ പരാമർശം (2) പ്രകാരം കുറ്റപത്രവും കുറ്റാരോപണ മെമ്മോയും നല്കി. ശ്രീമതി.സ്മിത.പി.ജി പരാമർശം (3) പ്രകാരം പ്രതിവാദപത്രിക സമർപ്പിച്ചു.

സംയോജിത നീർത്തട പരിപാലന പരിപാടിയുടെ മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരം IWMP പദ്ധതിയുടെ ഗ്രാമതലത്തിലുള്ള നിർവ്വഹണ ഉദ്യോഗസ്ഥൻമാരായ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാരുടെ ചുമതലകളായി ഉൾപ്പെടുത്തിയിട്ടുള്ളത് നീർത്തട സമിതിയുടെ രൂപീകരണവും ടി സമിതിയുടെ യോഗങ്ങൾ വിളിച്ചു ചേർക്കുക, മിനിറ്റ്സ് തയ്യാറായി പ്രോജക്ടുകളുടെ പൂർത്തീകരണത്തെ സഹായിക്കുക എന്നിവയാണെന്നും മറ്റ് സാങ്കേതിക പരിജ്ഞാനം ആവശ്യമായ യാതൊരു ചുമതലകളും വി.ഇ.ഒ മാരുടെ ചുമതലായി ഉൾപ്പെടുത്തിയിട്ടില്ലെന്നും സാങ്കേതിക പരിജ്ഞാനം ആവശ്യമുള്ള പ്രവൃത്തിയുടെ മോണിറ്ററിംഗ്, ഭൗതിക പരിശോധന, അളവെടുക്കൽ, ഫീൽഡ് വിസിറ്റ്, എന്നിവ ആയതിനായി ചുമതലപ്പെടുത്തിയിട്ടുള്ള WDT എഞ്ചിനീയർമാരുടെ ചുമതലയാണെന്നും എഞ്ചിനീയറിംഗ് വിഭാഗം അളവുകൾ രേഖപ്പെടുത്തി ബില്ല് തയ്യാറാക്കി ചെക്ക് മെഷർ ചെയ്ത ശേഷം ബില്ല് സമർപ്പിക്കുന്ന മുറയ്ക്ക് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാർ സൂക്ഷ്മ പരിശോധന നടത്തി പാസാക്കുകയും ബന്ധപ്പെട്ട ഏജൻസിക്ക് നല്കാനുള്ള അനുമതി പത്രം പുറപ്പെടുവിക്കണമെന്നും ടി ഉത്തരവിന്റെ പകർപ്പ് ലഭിക്കുന്ന മുറയ്ക്ക് വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാർ ടി തുക ഗുണഭോക്തൃ

ഗ്രൂപ്പിന് നല്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ടെന്നും ചാർജ്ജ് മെമ്മോയിൽ പരാമർശിച്ചരിക്കുന്ന എല്ലാ കാര്യങ്ങളും ടി പ്രവൃത്തിയുടെ സാങ്കേതിക കാര്യങ്ങളെ സംബന്ധിച്ച് മാത്രമായതിനാൽ ആയതിന്റെ ഉത്തരവാദിത്തം നിർവ്വഹണ ഉദ്യോഗസ്ഥയും വില്ലേജ് എക്സ്റ്റൻഷൻ ഓഫീറുമായ തനിക്കല്ലെന്നും ടി ചാർജ്ജിൽ നിന്ന് തന്നെ ഒഴിവാക്കണമെന്നും ശ്രീമതി.പി.ജി. സ്മിത പ്രതിവാദപത്രികയിൽ അപേക്ഷിച്ചു.

ശ്രീമതി.സ്മിത.പി.ജി സമർപ്പിച്ച പ്രതിവാദ പത്രികയിന്മേൽ ഗ്രാമവികസന കമ്മീഷണർ പരാമർശം (4) ലെ 15.03.2017 -യിലെ കത്ത് പ്രകാരം ഗ്രാമവികസന കമ്മീഷണർ റിപ്പോർട്ട് സമർപ്പിച്ചു. സംയോജിത നീർത്തട പരിപാലന പദ്ധതി പ്രകാരം അംഗീകാരം ലഭിച്ച നായരമ്പലം പുഞ്ചയിൽ തോട് ആഴം വർദ്ധിപ്പിക്കലും പാർശ്വഭിത്തി സംരക്ഷണവും എന്ന 14 ലക്ഷം അടങ്കൽ വരുന്ന പ്രവൃത്തിയുടെ 9,68,737 രൂപയുടെ പാർട്ട് ബിൽതുക തയ്യാറാക്കി സമർപ്പിച്ചിരുന്നുവെങ്കിലും പരാതികൾ ഉയർന്നതിനെ തുടർന്ന് ബിൽതുക അനുവദിച്ചിട്ടില്ലെന്നും കൺവെയൻസ് ചാർജ്ജായി 1,65,031/- രൂപ ബില്ലിൽചേർത്തുവെങ്കിലും ടി ബിൽതുക കൊടുക്കുന്നതിന് സെക്രട്ടറി തയ്യാറാകാതിരുന്ന സാഹചര്യത്തിൽ സർക്കാരിന് സാമ്പത്തിക നഷ്ടം ഉണ്ടായിട്ടില്ലെന്നുംനീർത്തട സെക്രട്ടറിയായ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ സാങ്കേതിക പരിജ്ഞാനം ഉള്ള ആളല്ലെന്നും പ്രവൃത്തിയുടെ പരിശോധന, മോണിറ്ററിംഗ്, അളവെടുക്കൽ എന്നിവ ഇതിനായി ചുമതലപ്പെടുത്തിയ എഞ്ചിനീയറിംഗ് വിഭാഗത്തിനാണെന്നും ശ്രീമതി. പി.ജി.സ്മിത അവരുടെ പ്രതിവാദ പത്രികയിൽ രേഖപ്പെടുത്തിയതുപോലെ ഐ.ഡബ്ലിയു.എം.പിയുടെ ഗ്രാമതലത്തിലുള്ള നിർവ്വഹണ ഉദ്യോഗസ്ഥരായ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാരുടെ ചുമതലകളിൽ നീർത്തട സമിതിയുടെ രൂപീകരണം, സമിതിയുടെ യോഗങ്ങൾ വിളിച്ചു ചേർക്കൽ, മിനിട്സ് തയ്യാറാക്കൽ, പ്രോജക്ടുകളുടെ പൂർത്തീകരണത്തെ സഹായിക്കൽ എന്നിവയാണെന്നും സാങ്കേതിക പരിജ്ഞാനം ആവശ്യമായ യാതൊരു ചുമതലയും വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറുടെ ചുമതലയായി ഉൾപ്പെടുത്തിയിട്ടില്ലാത്തതാണെന്നും അതിനാൽ ശ്രീമതി.പി.ജി.സ്മിതയുടെ പ്രതിവാദപത്രികയിലെ വാദം അംഗീകരിക്കാവുന്നതാണെന്നും ഗ്രാമ വികസന കമ്മീഷണർ റിപ്പോർട്ട് ചെയ്തു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു എറണാകുളം ജില്ലയിലെ വൈപ്പിൻ ബ്ലോക്ക് പഞ്ചായത്തിന്റെ സംയോജിത നീർത്തട പരിപാലന പദ്ധതിയുടെ (IWMP 2013-2014) ഭാഗമായി നായരമ്പലം പഞ്ചായത്തിലെ പുഞ്ചയിൽതോട് ആഴം വർദ്ധിപ്പിക്കലും പാർശ്വഭിത്തി നിർമ്മാണവും എന്ന പ്രവൃത്തിയുമായി ബന്ധപ്പെട്ട് വിജിലൻസ് വകുപ്പ് കണ്ടെത്തിയ ക്രമക്കേടിൽ നായരമ്പലം പഞ്ചായത്തിലെ മുൻ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ശ്രീമതി.സ്മിത.പി.ജി കുറ്റക്കാരിയല്ല എന്ന് കാണുന്നതിനാൽ ശ്രീമതി.സ്മിത.പി.ജി-യെ അച്ചടക്കനടപടികളിൽ നിന്നും ഒഴിവാക്കിക്കൊണ്ട് ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

( ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ഡോ.ബി. അശോക്**

**സെക്രട്ടറി**

ശ്രീമതി.സ്മിത.പി.ജി, മുൻ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, നായരമ്പലം പഞ്ചായത്ത്,എറണാകുളം
( ഗ്രാമവികസന കമ്മീഷണർ മുഖേന)

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം

ഡയറക്ടർ, വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം.

അക്കൌണ്ടന്റ് ജനറൽ (ആഡിറ്റ്/എ & ഇ), കേരള, തിരുവനന്തപുരം

വിജിലൻസ് (ഇ) വകുപ്പ് (11/02/2016 ലെ 1543/ഇ 3/2016/വിജി നമ്പർ കത്ത് പ്രകാരം)

ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ